

# മുല്ലപ്പെരിയാർ
# അഴിക്കുംതോറും മുറുകുന്ന കുരുക്കുകൾ

ലേഖനം ● കെ.എസ് സുബൈർ തൊടുപുഴ

**രണ്ടര** പതിറ്റാണ്ടിന്റെ നിയമയുദ്ധമാണ് മുല്ലപ്പെരിയാർ വിഷയത്തിൽ ഇന്നും തുടരുന്നത്. ഇരു സംസ്ഥാനങ്ങളും പ്രശ്നപരിഹാരങ്ങളുമായി മുന്നോട്ട് പോകുമ്പോഴും ഭീതിയുടെ നിഴലിലാണ് ഇവിടെ ഒരു തലമുറ കഴിയുന്നത്. ഡാമിന് താഴെയുള്ളവരുടെ സർവനാശത്തിന് കാരണമാകുന്ന, ഏത് നിമിഷവും പൊട്ടാവുന്ന ബോംബാണ് താഴ്വാരത്തിലെ ജനങ്ങളുടെ മനസ്സിൽ മുല്ലപ്പെരിയാർ ഡാം. വർഷകാലമായാൽ നമ്മുടെ പത്രങ്ങളുടെ മുഖ്യവാർത്ത മുല്ലപ്പെരിയാർ ആണ്. ജനം മറക്കാൻ കൊതിക്കുന്ന കാര്യങ്ങളാണ് ഓരോ ദിവസവും നമ്മുടെ ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ നിറയുന്നത്. നിരന്തരമായ ഈ ഓർമപ്പെടുത്തലുകൾ താഴ്വാരത്തിലെ കുട്ടികളുടെ മാനസിക നില പോലും തകരാറിലാക്കുന്നു.

മുല്ലപ്പെരിയാർ ഡാമിന്റെ താഴ്ഭാഗത്താണ് വള്ളക്കടവ്, വണ്ടിപ്പെരിയാർ, കീരിക്കര, മ്ലാമല, ചപ്പാത്ത്, ഉപ്പുതറ, അയ്യപ്പൻകോവിൽ, ഇരട്ടയാർ തുടങ്ങിയ പ്രദേശങ്ങൾ. 3800 കുടുംബങ്ങളിലായി 20000 ത്തോളം ആളുകൾ ഇവിടെ വസിക്കുന്നു. ഡാമിന് എന്ത് സംഭവിച്ചാലും ഇത്രയും ജനങ്ങളുടെ ജീവിതം തകരും. ഡാമിന്റെ തകർച്ച ഇടുക്കി ഡാമിനെ ബാധിച്ചാൽ ഉണ്ടാകാവുന്ന ദുരന്തം വിവരണാതീതമാണ്.

തുലാ വർഷ മഴയിലാണ് മുല്ലപ്പെരിയാറിൽ ജലനിരപ്പ് ഉയരാറുള്ളത്. ഇടുക്കി ഡാമിലും ഇതേ സമയം വെള്ളം ഉയരാറുണ്ട്. കഴിഞ്ഞ് മൂന്ന് നാല് വർഷങ്ങളിൽ ഇടുക്കി ഡാമിന്റെ പരമാവധി ശേഷിയിൽ വെള്ളം ഉയർന്നിരുന്നു. ഇടുക്കി ഡാമിന് ഷട്ടറുകളില്ലാത്തത് കൊണ്ട് ജലം ഒഴുക്കി കളയാൻ സാധിക്കില്ല. ചെറുതോണി ഡാമിലൂടെയാണ് വെള്ളം പുറത്തേക്ക് വിടുന്നത്. ഇടുക്കി ഡാം നിറഞ്ഞു നിൽക്കുന്ന സമയത്തായിരിക്കും മുല്ലപ്പെരിയാറിൽ വെള്ളം ഉയരുന്നത് എന്നതുകൊണ്ട് മുല്ലപ്പെരിയാറിന്റെ ഏത് തകർച്ചയും ഇടുക്കിയെ ബാധിക്കും. 443 ദശലക്ഷം ക്യുബിക്ക് മീറ്റർ വെള്ളം 50 കിലോമീറ്റർ മാത്രം ദൂരത്തുള്ള ഇടുക്കി ഡാമിൽ മിനിട്ടുകൾക്കകം കുതിച്ചെത്തും. ഇത്രയും വെള്ളം ചെളിയും മണ്ണുമായി എത്തിയാൽ താങ്ങുവാനുള്ള ശേഷി ഇടുക്കി ഡാമിനില്ല. കഴിഞ്ഞ നവംബറിൽ ഒറ്റദിവസം കൊണ്ട് ഡാമിൽ 3 അടി വെള്ളം ഉയർന്നു. മഴ നിലച്ചാലും നീരൊഴുക്ക് തുടർന്നുകൊണ്ടിരിക്കും. ഈ വർഷവും തുലാമഴ ശക്തമല്ലാതിരുന്നിട്ടും ഡാമിലെ ജലനിരപ്പ് 136 അടിയ്ക്ക് മുകളിൽ വന്നു.

ജലനിരപ്പ് 134ന് മുകളിലാകുമ്പോഴേക്കും സർക്കാർ മെഷിനറികൾ പ്രവർത്തനം തുടങ്ങും. പീരുമേട് താലൂക്ക് ഓഫീസിൽ സബ്കളക്ടർ എത്തുന്നു. തഹസീൽദാർ, ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, പോലീസ്– വൈദ്യുതി – ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരെല്ലാം എത്തി യോഗം സജീവമാകുന്നു. ദുരന്തഭീഷണി കണക്കിലെടുത്ത് പല സ്ഥലങ്ങളിലും സൈറൺ സ്ഥാപിക്കുന്നു. താലൂക്ക് ഓഫീസിൽ കൺട്രോൾ റൂം തുറക്കുന്നു. തീര പ്രദേശങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നു. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മുന്നറിയിപ്പ് അനൗൺസ്മെന്റ് നടത്താൻ തീരുമാനിക്കുന്നു. അപകട സ്ഥലത്തുള്ള ജനങ്ങളെ അവരുടെ ബന്ധുവീടുകളിലേക്ക് പോകാൻ നിർദേശിക്കുന്നു. ഇങ്ങനെ നമ്മുടെ ഭരണകൂടം ഒരു നാട്ടിലെ ജനതയെ വർഷങ്ങളായി ഭീതിയുടെ മുൾമുനയിൽ നിർത്തുകയാണ്.

1886 ഒക്ടോബർ 29–നാണ് മുല്ലപ്പെരിയാർ അണക്കെട്ട് നിർമിക്കാനുള്ള പെരിയാർ പാട്ടക്കരാർ ഒപ്പിട്ടത്. നദിയുടെ 155 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ചുറ്റുവട്ടത്തുള്ള 8000 ഏക്കർ സ്ഥലവും നിർമാണ പ്രവർത്തനങ്ങൾക്കായി 100 ഏക്കർ സ്ഥലവുമാണ് പാട്ടമായി നൽകിയത്. 999 വർഷത്തേയ്ക്കാണ് കരാർ . പാട്ടത്തുകയായി വർഷത്തിൽ ഏക്കറിന് 5 രൂപയാണ് നിശ്ചയിച്ചത്. 1896 ഫെബ്രുവരിയിൽ ഡാമിന്റെ പണി പൂർത്തിയായി. ലോകത്തിലെ പഴക്കമേറിയ അണക്കെട്ടുകളിൽ ഏറ്റവും ഉയരമുള്ള ഗ്രാവിറ്റി അണക്കെട്ടാണ് ഇത്. 2010 ൽ മുല്ലപ്പെരിയാറിന് 114 വയസ്സ്. അണക്കെട്ട് നിർമാണ സാങ്കേതിക വിദ്യ വികസിച്ചിട്ടില്ലാത്ത കാലത്തായിരുന്നു ഇതിന്റെ പണി. ചുണ്ണാമ്പും, മണലും കൊണ്ടുള്ള അന്നത്തെ കോൺക്രീറ്റായ സുറുക്കി കൊണ്ടാണ് അണക്കെട്ട് പണിതത്. ഏതൊരു ഡാമിന്റേയും ശരാശരി ആയുസ്സ് 50–60 വർഷമാണ്. മുല്ലപ്പെരിയാർ ഡാം നിർമിച്ച് 30 വർഷം പിന്നിട്ടപ്പോഴേക്കും ചോർച്ച തുടങ്ങിയിരുന്നു. നിർമാണത്തിന് ഉപയോഗിച്ച മോർടാറിലെ ചുണ്ണാമ്പ് വെള്ളവുമായി പ്രവർത്തിച്ച് ഒലിച്ചിറങ്ങുന്നതിനാലാണ് ചോർച്ച ഉണ്ടായത്. ഇത്തരത്തിൽ ചോർച്ച കൂടിയാൽ വൻ തോതിൽ ചുണ്ണാമ്പ് ഒലിച്ചുപോയി അണക്കെട്ടിന്റെ ഉള്ളിൽ ദ്വാരം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് കാലക്രമത്തിൽ ഡാമിന്റെ ഉറപ്പിനെ ബാധിക്കും. 1928 ഒക്ടോബറിൽ ചീഫ് എഞ്ചിനീയർ എൽ.എച്ച്. ഗ്രേഗ് അണക്കെട്ട് പരിശോധിച്ച് പരിഹാരമായി ഗ്രൗട്ടിംഗ് നിർദേശിച്ചു.

സിമന്റ് ചാന്ത് അതിമർദ്ദത്തിൽ അണക്കെട്ടിനുള്ളിലേക്ക് ചീറ്റി പൊട്ടലും ദ്വാരങ്ങളും അടയ്ക്കുന്നതിനെയാണ് ഗ്രൗട്ടിംഗ് എന്ന് പറയുന്നത്. മുംബൈയിലെ ജോൺ ഫ്ളെമിംഗ് & കമ്പനിയെയാണ് ഗ്രൗട്ടിംഗ് ഏൽപ്പിച്ചത്. 1931 മാർച്ചിൽ ഗ്രൗട്ടിംഗ് പൂർത്തിയായി. 40 ടൺ സിമന്റ് ഗ്രൗട്ടിംഗിന് ഉപയോഗിച്ചു. അതായത് 40 ടൺ സുറുക്കി മിശ്രിതം അണക്കെട്ടിൽ നിന്ന് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അർഥം. ഈ കാലത്ത് ചോർച്ച കുറഞ്ഞുവെങ്കിലും 1950 ആയപ്പോഴേക്കും വീണ്ടും ചോർച്ച കൂടി. ചുണ്ണാമ്പും സുറുക്കിയും കൂടിയുള്ള മിശ്രിതത്തിന്റെ പാളികളിൽ പലയിടങ്ങളിലും പൊട്ടലുകളും ദ്വാരങ്ങളും വന്നു. വെള്ളത്തോടൊപ്പം ഈ മിശ്രിതം ഒലിച്ചുപോകുന്നത് നിത്യ കാഴ്ചയായി. പ്രതിവർഷം 30 ടൺ സുറുക്കി മിശ്രിതം ഒലിച്ചുപോയിക്കൊണ്ടിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1500 ടൺ സുറുക്കി മിശ്രിതമെങ്കിലും ഒലിച്ചുപോയിട്ടുണ്ടാകും. എന്നാൽ 1961–65 കാലയളവിൽ തമിഴ്നാട് ഡാം ബലപ്പെടുത്തിയപ്പോൾ ആകെ 500 ടൺ സിമന്റ് മാത്രമാണ് ഗ്രൗട്ടിംഗിന് ഉപയോഗിച്ചത്. അണക്കെട്ടിൽ നിന്ന് നഷ്ടപ്പെട്ട സുറുക്കി മിശ്രിതത്തിന്റെ മൂന്നിലൊന്ന് മാത്രം.

ഗ്രൗട്ടിംഗ് കൊണ്ട് കാര്യമില്ല എന്ന അവസ്ഥയിലായി ഡാം. പൊട്ടലുകളും ദ്വാരങ്ങളും പുറത്തുകാണാൻ തുടങ്ങി. 1979 നവംബറിൽ ജലകമീഷൻ ചെയർമാൻ ഡോ. കെ.സി തോമസ് അണക്കെട്ട് പരിശോധിച്ചു. ഉടൻ ചെയ്യേണ്ട പ്രവർത്തനങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങളും അദ്ദേഹം നിർദ്ദേശിച്ചു.

ജലകമീഷന്റെ നിർദ്ദേശത്തിനനുസരിച്ചുള്ള പണികൾ 1994 വരെ നീണ്ടു. നിർദേശങ്ങളെല്ലാം നടപ്പായാൽ ഡാം 100 വർഷം നിലനിൽക്കുന്ന പുതിയ അണക്കെട്ടുപോലെയാകുമെന്നായിരുന്നു തമിഴ്നാടിന്റെ വാദം. അതിൽ ഇന്നും അവർ ഉറച്ചു നിൽക്കുന്നു. എന്നാൽ മുകളിൽ കോൺക്രീറ്റ് ക്യാപ്പിംഗ് നിർമിച്ചുവെങ്കിലും ഇത് വേണ്ടത്ര ഗുണം ചെയ്തില്ല. കേബിൾ കൊണ്ട് അണക്കെട്ട് അസ്ഥിവാരത്തോട് ഉറപ്പിച്ചത് താൽക്കാലിക പ്രവർത്തനം മാത്രമാണെന്നാണ് വിദഗ്ധസമിതിയുടെ റിപ്പോർട്ടിൽ പറയുന്നത്. അണക്കെട്ടിനോട് ചേർന്ന് പണിത കോൺക്രീറ്റ് ആവരണം സുറുക്കി പ്രതലവുമായി വേണ്ടത്ര ഇഴുകി ചേർന്നിട്ടില്ല. ഇപ്പോഴും പഴയ ഭിത്തിയിലൂടെ വെള്ളം പരന്നൊഴുകി ചോർന്ന് പോവുകയാണ്. പഴയ അണക്കെട്ടും പുതിയ ആവരണവും രണ്ട് മിശ്രിതങ്ങൾകൊണ്ട് പണിതതിനാൽ വേറിട്ട് നിൽക്കുകയാണ്. ഇവ ഒന്നിച്ചുള്ളതിനാൽ ബലം കൂടും എന്നതിന് അർഥമില്ല.

അണക്കെട്ട് പണിയുമ്പോൾ നടത്തേണ്ട ടെസ്റ്റുകൾ അനവധിയുണ്ട്. സ്ഥലത്തെ ഭൂവിള്ളലുകൾ, ഭ്രംശമേഖല, പാറകളുടെ ഘടന എന്നിവയെല്ലാം അപഗ്രഥിച്ച് ഭൂപടം തയാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു പരിശോധനകളും ഈ ഡാം നിർമാണത്തിന് നടത്തിയിട്ടില്ല. വളരെ ദുർബലമായ ഭൗമഘടനയാണ് അവിടെയുള്ളത്. തലങ്ങും വിലങ്ങും ഭ്രംശമേഖലയും ഭൂവിള്ളലുകളും ഉള്ള സ്ഥലമാണിത്. ബേബി ഡാം സ്ഥിതിചെയ്യുന്നത് ഭ്രംശമേഖലയിലാണെന്ന് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ കണ്ടെത്തിയിട്ടുണ്ട്. 1953 ന് ശേഷം കേരളത്തിൽ ഉണ്ടായ ഏറ്റവും തീവ്രത കൂടിയ ഭൂചലനമാണ് 2000 ൽ ഈരാറ്റുപേട്ടയിൽ ഉണ്ടായത്. റിക്ടർ സ്കെയിലിൽ 5 രേഖപ്പെടുത്തിയ ഭൂചലനം മുല്ലപ്പെരിയാർ ഭ്രംശമേഖലയെ ബാധിക്കുന്നതാണ്. 2001 ൽ 4.8 ൽ രേഖപ്പെടുത്തിയ ചലനവും ഇവിടെ ഉണ്ടായി. ഇതെല്ലാം സൂചിപ്പിക്കുന്നത് തമിഴ്നാട് ഭാരതീദാസൻ യൂനിവേഴ്സിറ്റിയിലെ റിമോട്ട് സെൻസിംഗ് സെന്റർ ഡയറക്ടർ ഡോ. എസ്.എം രാമസ്വാമിയുടെ വാക്കുകളാണ് "സജീവമായ ഭ്രംശമേഖലകളെ നാം ജാഗ്രതയോടെ കാണണം."

നമ്മുടെ ഭരണകൂടങ്ങളുടെ നിലപാട് കണ്ടാൽ ലോകത്ത് ഒരു സ്ഥലത്തും അണക്കെട്ട് തകർന്ന് ജനങ്ങൾ മരിച്ചിട്ടില്ല എന്ന് തോന്നും. 1860ന് ശേഷം 100 കണക്കിന് അണക്കെട്ടുകൾ തകർന്ന് ലക്ഷക്കണക്കിന് ആളുകൾ മരിച്ചിട്ടുണ്ട്. ചൈനയിൽ തന്നെ 1975ൽ മാത്രം 62 ഓളം അണക്കെട്ടുകൾ തകർന്ന് 230000 ലേറെ പേർ മരിച്ചു. ഇന്ത്യയിലെ ഘടക്വാസല, ചിക്കഹൊളെ, ടൈഗ്ര അണക്കെട്ടുകൾ തകർന്ന് ദുരന്തം ഉണ്ടായിട്ടുണ്ട്. അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽ നഗരത്തെ ഞെട്ടിച്ച ദുരന്തമായിരുന്നു സെന്റ് ഫ്രാൻസീസ് അണക്കെട്ട് അപകടം. 188 അടി ഉയരമുള്ള ഈ അണക്കെട്ട് 1928 മാർച്ചിലാണ് തകർന്നത്. ആയിരക്കണക്കിന് ആളുകൾ മരിച്ചു. പലതവണയായി പുതുക്കി പണിത് അവസാനം തകർന്ന് നാശം വിതച്ച അണക്കെട്ടാണ് അമേരിക്കയിലെ കെല്ലിബാൻസ്. 1963ൽ ഇറ്റലിയിലെ വജോണ്ട് അണക്കെട്ട് തകർന്ന് 2600 പേരാണ് മരിച്ചത്.

ഒരു ഭീകര ദുരന്തത്തിൽ നിന്ന് നമ്മുടെ ജനതയെ രക്ഷിക്കാൻ ഭരണാധികാരികൾ ഗൗരവത്തോടെ രംഗത്ത് വരേണ്ടതാണ്. തമിഴ്നാടിനെ സംബന്ധിച്ചേടത്തോളം രണ്ട് മൂന്ന് ജില്ലകളിലെ നിലനിൽപ്പ് തന്നെ മുല്ലപ്പെരിയാറിലെ ജലത്തെ ആശ്രയിച്ചാണ്. ഓരോ തുള്ളി ജലവും സൂക്ഷ്മതയോടെ ഉപയോഗപ്പെടുത്തുന്നവരാണ് തമിഴ് ജനത. കേരളീയർക്ക് ഭീഷണിയില്ലാതെ മുല്ലപ്പെരിയാറിലെ ജലം തമിഴ്നാടിന് നൽകുന്ന സംവിധാനത്തെക്കുറിച്ചാണ് ആലോചിക്കേണ്ടത്. പുതിയ ഡാം എന്ന ആശയവുമായി നാം മുമ്പോട്ട് പോകുമ്പോൾ പതിയിരിക്കുന്ന പല അപകടങ്ങളും തിരിച്ചറിയേണ്ടതുണ്ട്. 1979ലെ ജലകമീഷൻ ചെയർമാനായ ഡോ. കെ.സി തോമസിന്റെ പുതിയ ഡാം എന്ന നിർദേശം ഇതുവരെയും തമിഴ്നാട് നടപ്പിൽ വരുത്താത്തത് അതുകൊണ്ടാണ്. പുതിയ ഡാം പണിയുമ്പോൾ ജലനിരപ്പ് ചുരുങ്ങിയത് 150 അടിമേൽ ഉയരും. 1979 ൽ ജലനിരപ്പ് 136 അടിയാക്കി താഴ്ത്തിയത് മൂലം പല സ്ഥലങ്ങളും ഇവിടെ കരപ്രദേശമായി മാറിയിട്ടുണ്ട്. ഇത് ഇന്ന് ആദിവാസികൾ അടക്കമുള്ളവരുടെ ജനവാസ കേന്ദ്രമാണ്. കുളത്തുപാലം, മണ്ണാൻകുടി, പെരിയാർ കോളനി, ലബ്ബക്കണ്ടം, റോസാപ്പൂകണ്ടം, ആനവച്ചാൽ, തേക്കടി എന്നിങ്ങനെ 7 തുരുത്തുകളിലായി 1000 അധികം

വീടുകൾ ഉണ്ട്. 4000 ത്തോളം പേർ ഇവിടെ താമസിക്കുന്നു. ഇത് കൂടാതെ മറ്റു പല തുരുത്തുകളിലും ആദിവാസികൾ താമസിക്കുന്നുണ്ട്. ഇവരുടെ പ്രശ്നം പരിഹരിക്കേണ്ടിവരും.

തമിഴ്നാടിന്റെ ആവശ്യം ജലമാണ്. വെള്ളം ഉയർത്താതെ തന്നെ അത് നമുക്ക് നൽകാൻ കഴിയും. 1979ൽ ജലസുരക്ഷാ കമീഷന്റെ നിർദേശത്തെ തുടർന്ന് ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തിയപ്പോൾ, തമിഴ്നാട് 136 ന് മുകളിൽ ഉയരുന്ന ജലമത്രയും തമിഴ്നാട്ടിലെ വൈഗ അണക്കെട്ടിൽ സംഭരിക്കാനുള്ള നടപടിയെടുത്തു. 2006ൽ കേരള ജനത മുല്ലപ്പെരിയാറിൽ വെള്ളം ഉയരുന്നതിനെതിരെ ശക്തമായി രംഗത്ത് വന്നപ്പോൾ ഇരച്ചിൽ പാലം വഴി വെള്ളം അതിവേഗം തമിഴ്നാട്ടിലേക്ക് ഒഴുക്കി. പിന്നീട് 136ന് മേൽ ഉയരുന്ന അവസ്ഥ വളരെ കുറവായിരുന്നു. അതേ സമയം വൈഗ നദിയുടെ പരിസര പ്രദേശങ്ങളിൽ നൂറ് കണക്കിന് കിണറുകൾ നിർമിച്ച് ജലമത്രയും സംഭരിക്കാനുള്ള നടപടി ഇപ്പോഴും തമിഴ്നാട് തുടരുകയാണ്. മുല്ലപ്പെരിയാറിലെ വെള്ളം സംഭരിക്കാൻ തമിഴ്നാടിന് ശേഷിയുണ്ട്. അതിനുള്ള ഭൂപ്രദേശവും മറ്റും വൈഗ ഡാമിന്റെ സമീപത്തുണ്ട്. മാത്രമല്ല ലോവർപെരിയാർ ഡാമിന്റെ സംഭരണ ശേഷി വികസിപ്പിക്കുന്നതിനെക്കുറിച്ചുള്ള പഠനവും നടക്കേണ്ടതുണ്ട്. മുല്ലപ്പെരിയാറിലെ ജലം ഉപയോഗിക്കുന്നത് തമിഴ്നാടാണ്. അതുകൊണ്ട് തന്നെ ആ വെള്ളം അവിടെ തന്നെ സംഭരിക്കുകയാണ് വേണ്ടത്.

എന്നാൽ നിലവിലെ ജലം ഒഴുകുന്ന ടണലിന്റെ വ്യാപ്തി അനുസരിച്ച് 110 അടിയിൽ താഴെയായാൽ തമിഴ്നാട്ടിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് വളരെ കുറയും. 106 അടി ആയാൽ നീരൊഴുക്ക് നിലക്കും. എന്നാൽ 106 അടിയിൽ പോലും ഡാമിൽ ധാരാളം വെള്ളം ഉണ്ടാകും. തേക്കടി ബോട്ട് ദുരന്തം സംഭവിക്കുമ്പോൾ 104 അടി വെള്ളമാണ് ഡാമിൽ ഉണ്ടായിരുന്നത്. ടണലിന്റെ വ്യാപ്തി വർധിപ്പിച്ച് ജലം തമിഴ്നാട്ടിൽ സംഭരിക്കാനുള്ള സംവിധാനമാണ് ആലോചിക്കേണ്ടത്. തുലാമഴ ശക്തമാകുമ്പോൾ വൈഗ ഡാമും മറ്റും നിറയുന്ന പശ്ചാത്തലത്തിൽ ജലം തമിഴ്നാട്ടിലേക്ക് ഒഴുക്കാൻ പ്രയാസമായിരിക്കും. ഈ സമയം മുല്ലപ്പെരിയാറിൽ വെള്ളം ഉയരാതിരിക്കാൻ ബേബി ഡാമിൽ ഷട്ടറുകൾ പണിത് ജലം ഇടുക്കിയിലേക്ക് ഒഴുക്കാനുള്ള സാഹചര്യവും ഒരുക്കണം. ഒരു വിധത്തിലും മുല്ലപ്പെരിയാറിൽ 115ന് മുകളിൽ ജലം ഉയർത്താതിരിക്കാനുള്ള നടപടിയാണ് നാം സ്വീകരിക്കേണ്ടത്.

35 ലക്ഷത്തോളം ജനങ്ങളുടെ ജീവന്റെ പ്രശ്നമായിട്ട് വേണം മുല്ലപ്പെരിയാർ വിഷയം ഉന്നത ബോഡികളിൽ ചർച്ചചെയ്യാൻ. അത്തരത്തിലുള്ള നീക്കമാണ് ഗവൺമെന്റിന്റെയും ജനങ്ങളുടെയും പക്ഷത്ത് നിന്ന് ഉണ്ടാവേണ്ടത്. 2009 ലെ നിയമ പോരാട്ടങ്ങളിൽ ഗവൺമെന്റിന് ഇത്തരത്തിൽ വിഷയത്തെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സുപ്രീംകോടതി നിർദേശിച്ച ഉന്നത സമിതിയിൽ അണക്കെട്ടിന്റെ സുരക്ഷ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടത്. ഇതാണ് ഇപ്പോൾ തമിഴ്നാടിന് പ്രശ്നമായിട്ടുള്ളത്. അതുകൊണ്ട് തന്നെ പ്രശ്നത്തിൽ കേന്ദ്രത്തെ ഇടപെടീക്കാൻ തമിഴ്നാട് നടപടി ആരംഭിച്ചുകഴിഞ്ഞു. സുപ്രീംകോടതിയുടെ നിർദേശം വന്ന് മൂന്ന് ദിവസത്തിനുള്ളിൽ തന്നെ ഡി.എം.കെ ജനറൽ കൗൺസിൽ യോഗം ചേർന്ന് ജലനിരപ്പ് 142 അടിയാക്കണമെന്ന് പ്രമേയം പാസാക്കി. 2010 ഫെബ്രുവരി 17ന് കരുണാനിധി യു.പി.എ അധ്യക്ഷക്ക് ഈ വിഷയത്തെക്കുറിച്ച് കത്ത് അയക്കുകയുണ്ടായി. കേരളത്തിന്റെ നിലപാടിനെതിരെ എ.ഐ.എ.ഡി.എം.കെയും, എം.ഡി.എം.കെയും യോജിച്ച് ശക്തമായ സമരപരിപാടികൾക്ക് ഫെബ്രുവരി 22 ന് രൂപം കണ്ടിരുന്നു.

നാളിതുവരെയും മുല്ലപ്പെരിയാറിലെ ജലം തമിഴ്നാട് സുലഭമായി ഉപയോഗിച്ചിരുന്നു. വെള്ളം നൽകുന്നതിന് കേരളത്തിൽ ആരും എതിരല്ല. എന്നാൽ കേരളത്തിലെ 4 ജില്ലകളിലെ ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവന് ഭീഷണിയാണ് ഇന്ന് മുല്ലപ്പെരിയാർ ഡാം. 1979 ൽ തുടങ്ങിയതാണ് പുതിയ ഡാം നിർമാണ പദ്ധതി. ഓരോ വർഷവും ജലം ഉയരുമ്പോൾ ഡാം നിർമാണ ചർച്ചയുമായി മുമ്പോട്ട് പോകുന്നതിനുമപ്പുറം ഡാമിലെ ജലനിരപ്പ് 115 അടിയിൽ താഴെയായി നിറുത്തുന്നതിന് വേണ്ടിയുള്ള ശക്തമായ സമരപരിപാടികളും നിയമപോരാട്ടങ്ങളും വീഴ്ചകൂടാതെ നടത്തുകയാണ് വേണ്ടത്. ദുരന്തങ്ങൾ സംഭവിക്കുമ്പോൾ മാത്രം ജാഗ്രത്താകുന്ന മനസ്സാണ് കേരളീയ പൊതുബോധത്തിനുള്ളത്. അതുകൊണ്ടാണ് തമിഴ്നാട് ഈ വേനൽകാലത്ത് സമരം ശക്തമാക്കുമ്പോഴും കേരളം നിസ്സംഗമായി നോക്കി നിൽക്കുന്നത്. ■

(ലേഖകൻ സോളിഡാരിറ്റി ഇടുക്കി ജില്ലാ പ്രസിഡന്റാണ്)